## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 01.03.2023 മുതൽ 05.03.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 09/2023,(17) ചൊവ്വാഴ്ച്ച | തീയ്യതി 28/02/2023 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| ( 0.0) | (35.6-37.0) | (21.8-24.2) | (48-84) | (19-36) | (2.5-6.2) | (9.5 -10.8) | (5.3-9.0) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 01.03.2023 | 02.03.2023 | 03.03.2023 | 04.03.2023 | 05.03.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 20 | 21 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 18 | 18 | 18 | 18 | 18 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 6 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 230 | 250 | 250 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 4 | 4 | 3 | 7 |

**കാലാവസ്ഥാ അറിയിപ്പ്:** വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴയ്ക്ക് സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: വേനൽചൂടിൽനിന്നും മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറക്കാനാകും

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –പുഞ്ച ചിന്നപ്പ് പൊട്ടുന്ന പരുവം | പരിചരണം | നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നെല്ലിന്റെ സമ്പൂർണ്ണ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കാവുന്നതാണ്. |
| വാഴ | പിണ്ടിപ്പുഴു | വാഴയിൽ പിണ്ടിപ്പുഴുവിന്റെ ഉപദ്രവം കാണാൻ സാധ്യതയുണ്ട്. മുൻകരുതലായി വാഴത്തോട്ടം വൃത്തിയായി സൂക്ഷിക്കുക. 3-5 മാസം പ്രായമാകുമ്പോൾ ഇലക്കവിളുകൾക്കിടയിൽ വേപ്പിൻ പിണ്ണാക്ക്, ഒരു വാഴയ്ക്ക് 50 ഗ്രാം എന്ന തോതിൽ ഇട്ടുകൊടുക്കുക. 40–50 സെ.മീ നീളത്തിൽ വാഴത്തട (വാഴ പോള) പൊളിച്ച്, കീറിയ ഭാഗത്തു ബ്യൂവേറിയ (10 ഗ്രാം) പുരട്ടി കെണി വെക്കാം. 40 വാഴകൾക്ക് 1 കെണി എന്ന തോതിൽ വെക്കാം. ആക്രമണം രൂക്ഷമാവുകയാണെങ്കിൽ എക്കാലക്സ് 2 മില്ലി ലിറ്റർ / ക്ലോർഫൈറിഫോസ് 2.5 മില്ലി ലിറ്റർ ഒരു ലിറ്റർവെള്ളത്തിൽ കലക്കി ഇലക്കവിളുകളിൽ ഒഴിക്കുക. |
| കുരുമുളക് | സാവധാന വാട്ടം | കുരുമുളകിൽ കാണുന്ന സാവധാന വാട്ടരോഗത്തെ നിയന്ത്രിക്കുന്നതിനായി കുരുമുളക് ചെടിയുടെ ചുവട്ടിൽ വേപ്പിൻപിണ്ണാക്ക് ഇട്ടുകൊടുക്കുക. കൂടാതെ പീസിലോമൈസെസ് ലൈലാസിനസ് എന്ന മിത്ര ജീവാണുക്കൾ 25 ഗ്രാം വീതം ഓരോ ചെടിയുടെ ചുവട്ടിലും ഇട്ടുകൊടുക്കുക. രോഗം രൂക്ഷമാവുകയാണെങ്കിൽ മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ ചെടിയുടെ ചുവട്ടിലും മണ്ണ് കുതിരത്തക്ക വണ്ണം ഒഴിച്ച് കൊടുക്കുക. |

മൃഗസംരക്ഷണം -: വളർത്തുപക്ഷി മൃഗാധികൾക്ക ആവ്യശ്യത്തിനു ശുദ്ധജലം നൽകണം, വെയിലിൽ നിന്നും ചൂടിൽ നിന്നും സംരക്ഷണം നൽകണം. അവയുടെ താമസ സ്ഥലത്ത് വേണ്ടത്ര വായുസഞ്ചാരം ക്രമീകരിക്കണം. ചൂട് കൂടിയ സമയത്ത് കന്നുകാലികളെ മേയാൻ വിടാതിരിക്കുക. (CAADECCS, KVASU, Mannuthy).